# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വണ്ടന്മേട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-IDK-(9)-691/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 23/05/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വണ്ടന്മേട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വണ്ടന്മേട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടന്മേട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-IDK-(9)-691/2022 തീയ്യതി: 23/05/2022

## ഇടുക്കി ജില്ലയിലെ വണ്ടന്മേട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വണ്ടന്മേട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 18-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 4 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ ) |
|---|---|---|---|
| ശ്രീ കിഷോർ തോമസ് | ഡെപ്യൂട്ടി ഡയറക്ടർ | 18-04-2022 | 23-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ ) | തീയതി (വരെ) |
|---|---|
| 18-04-2022 | 23-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ വി.ജി.സജിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ എം.യു. സണ്ണി, ഓഡിറ്റ് ഓഫീസർ
ശ്രീ എം.കെ.അഭിലാഷ്, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ പി.കെ. വിഷ്ണു സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ഡെന്നീസ് ജോസഫ് ഓഡിറ്റർ
(20.04.2022 മുതൽ 22.04.2022 വരെ മറ്റ് ജോലി)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജാൻസി റെജി | പ്രസിഡന്റ് | 01-04-2020 | 08-11-2020 |
| ഭരണ നിർവ്വഹണ കമ്മിറ്റി | സെക്രട്ടറി | 09-11-2020 | 29-12-2020 |
| ശ്രീ സിബി എബ്രഹാം | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ അജി കെ. തോമസ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ റോയ് മോൻ റ്റി. ചാക്കോ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ കെ.കെ ബിനുമോൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി എസ് ശ്രീന | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 28-06-2020 |
| ശ്രീ പി.ആർ സുഗതൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 29-06-2020 | 31-12-2020 |

| | | | |
|---|---|---|---|
| ശ്രീ ലിജിൻ രാജീവ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-01-2021 | 31-03-2021 |
| ശ്രീമതി ആൻസി റ്റി. യോഹന്നാൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ ഷേർലി മാത്യൂ | മെഡിക്കൽ ഓഫീസർ , ആരോഗ്യം | 01-04-2020 | 31-03-2021 |
| ഡോ കെ. കെ ജീന | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ രശ്മി എസ്. കുമാർ | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി ബിന്ദു ജോസഫ് | വില്ലേജ് എസ്റ്റൻഷൻ ഓഫീസർ | 01-04-2020 | 20-04-2020 |
| | | 21-07-2020 | 29-09-2020 |
| ശ്രീമതി ലളിത | വില്ലേജ് എസ്റ്റൻഷൻ ഓഫീസർ | 21-04-2020 | 20-07-2020 |
| ശ്രീമതി ആർ ശ്രീജ | വില്ലേജ് എസ്റ്റൻഷൻ ഓഫീസർ | 30-09-2020 | 31-03-2021 |
| ഡോ ആർ വിജി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി കെ.എൻ മിനിമോൾ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ സാജു ഫിലിപ്പ് | ഹെഡ് മാസ്റ്റർ, ഗവ എൽ.പി.സ്കൂൾ | 01-04-2020 | 31-03-2021 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.K.Abhilash (Asst. Audit Officer, On 20-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 23-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: M.K.Abhilash (Asst. Audit Officer, On 20-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 18-05-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: M.K.Abhilash (Asst. Audit Officer, On 19-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 23-05-2022) | 1-3(1) |
| 4 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ<br>Written By: M.K.Abhilash (Asst. Audit Officer, On 19-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 23-05-2022) | 1-3-(2) |
| 5 | പദ്ധതി അവലോകനം<br>Written By: M.K.Abhilash (Asst. Audit Officer, On 19-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 23-05-2022) | 1-4-1 |
| 6 | സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കിയില്ല - ഗ്രാമപഞ്ചായത്തിന് 2.25 കോടിയിലധികം രൂപയുടെ വികസന പ്രവർത്തനങ്ങൾ നഷ്ടമായി<br>Written By: M.K.Abhilash (Asst. Audit Officer, On 20-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 19-05-2022) | 1-4-2 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: M.K.Abhilash (Asst. Audit Officer, On 20-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 18-05-2022) | 1-5 |
| 8 | ക്ഷേമ പെൻഷനുകൾ<br>Written By: M.K.Abhilash (Asst. Audit Officer, On 20-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 18-05-2022) | 1-6 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: M.K.Abhilash (Asst. Audit Officer, On 20-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 18-05-2022) | 1-7 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: M.K.Abhilash (Asst. Audit Officer, On 22-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 18-05-2022) | 1-8 |
| 11 | വാർഷിക കണക്കുകളുടെ അപാകത<br>Written By: M.K.Abhilash (Asst. Audit Officer, On 21-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 18-05-2022) | 1-9-1 |
| 12 | രേഖകളുടെ പിൻബലമില്ലാതെ ഒന്നര ലക്ഷത്തിലധികം രൂപയുടെ ഡിമാന്റ് ഒഴിവാക്കി<br>Written By: M.K.Abhilash (Asst. Audit Officer, On 21-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 18-05-2022) | 1-9-2 |
| 13 | വസ്തു നികുതിയിനത്തിൽ കുടിശ്ശിക<br>Written By: DENNIS JOSEPH (Auditor, On 27-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 23-05-2022) | 1-10 |
| 14 | വസ്തുനികുതി-വാർഷിക കണക്ക്, സഞ്ചയ തുകകൾ പൊരുത്തപ്പെടുന്നില്ല<br>Written By: M.K.Abhilash (Asst. Audit Officer, On 22-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 18-05-2022) | 1-11 |
| 15 | 2015-2016-ലെ ജനറൽ പർപ്പസ് ഗ്രാന്റ് 14 ലക്ഷത്തിലധികം രൂപ ക്രെഡിറ്റിൽ കുറവ്<br>Written By: M.K.Abhilash (Asst. Audit Officer, On 27-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 18-05-2022) | 1-12 |
| 16 | ഇ-ടെണ്ടർ ഫോറ വില,നിരത ദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല<br>Written By: M.U.Sunny (Audit Officer, On 25-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 23-05-2022) | 1-13 |
| 17 | തുമ്പൂർമൂഴി മാലിന്യ സംസ്കരണ പ്ലാന്റ് - റവന്യൂ വരുമാന വർദ്ധനവിനുള്ള സാധ്യത പരിഗണിച്ചിട്ടില്ല<br>Written By: V G Sajimon (Audit Officer, On 26-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 18-05-2022) | 1-14 |
| 18 | മംഗലംപടി അംഗനവാടി അറ്റകുറ്റപ്പണി - കരാറുകാരന് 12% ജി.എസ്.ടി വിഹിതം അധികം അനുവദിച്ചു<br>Written By: M.U.Sunny (Audit Officer, On 25-04-2022)<br>Last Updated By: DENNIS JOSEPH (Auditor, On 23-05-2022) | 1-15 |
| 19 | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - മുൻകൂറായി തുക ഒടുക്കി ഒരു വർഷം കഴിഞ്ഞിട്ടും ലാപ്ടോപ്പുകൾ ലഭ്യമായിട്ടില്ല<br>Written By: M.U.Sunny (Audit Officer, On 25-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 18-05-2022) | 1-16 |
| 20 | ജൈവ മാലിന്യ ശേഖരണത്തിന് വീടുകൾക്ക് വേസ്റ്റ് ബിൻ -വാങ്ങിയ പാത്രങ്ങൾ പൂർണമായി വിതരണം ചെയ്തിട്ടില്ല<br>Written By: V G Sajimon (Audit Officer, On 25-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 18-05-2022) | 1-17 |

| | | |
|---|---|---|
| 21 | വീട് നവീകരണം പൂർത്തിയാക്കിയില്ല<br>Written By: VISHNU.P.K (Senior Grade Auditor, On 21-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 18-05-2022) | 1-18 |
| 22 | ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായില്ല<br>Written By: V G Sajimon (Audit Officer, On 25-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 18-05-2022) | 1-19 |
| 23 | ABC പ്രോജക്ട് - വിനിയോഗ സാക്ഷ്യപത്രമില്ല<br>Written By: V G Sajimon (Audit Officer, On 25-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 18-05-2022) | 1-20 |
| 24 | കന്നുകുട്ടി പരിപാലന പദ്ധതി - പ്രോജക്ട് ഓഫീസർക്ക് കൈമാറിയ തുക വിനിയോഗിക്കാതെ ശേഷിക്കുന്നു<br>Written By: VISHNU.P.K (Senior Grade Auditor, On 21-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 18-05-2022) | 1-21 |
| 25 | കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ - അവലോകനം<br>Written By: V G Sajimon (Audit Officer, On 25-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 18-05-2022) | 1-22 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | മംഗലംപടി അംഗനവാടി അറ്റകുറ്റപ്പണി - കരാറുകാരന് 12% ജി.എസ്.ടി. വിഹിതം അധികം അനുവദിച്ചു<br>Written By: M.U.Sunny (Audit Officer, On 25-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 18-05-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: M.K.Abhilash (Asst. Audit Officer, On 20-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 18-05-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: M.K.Abhilash (Asst. Audit Officer, On 21-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 21-05-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: M.K.Abhilash (Asst. Audit Officer, On 20-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 18-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: M.K.Abhilash (Asst. Audit Officer, On 20-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 18-05-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: M.K.Abhilash (Asst. Audit Officer, On 19-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 18-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: M.K.Abhilash (Asst. Audit Officer, On 19-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 21-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: M.K.Abhilash (Asst. Audit Officer, On 20-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 18-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: M.K.Abhilash (Asst. Audit Officer, On 20-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 21-05-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: M.K.Abhilash (Asst. Audit Officer, On 20-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 23-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.K.Abhilash (Asst. Audit Officer, On 20-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 21-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M.K.Abhilash (Asst. Audit Officer, On 20-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 23-05-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

₹4,62,29,722/- മുന്നിരിപ്പും ₹24,22,47,500/- വരവും ₹27,47,07,000/- ചെലവും ₹1,37,70,222/- നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന തൻ വർഷ ബജറ്റ് 16.03.2020-ൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പഞ്ചായത്ത് കമ്മിറ്റി മുമ്പാകെ അവതരിപ്പിച്ചു. പ്രസ്തുത ബജറ്റ് 30.03.2020-ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം താഴെ പരാമർശിക്കുന്ന ഭേദഗതികളോടെ അംഗീകരിച്ചു.

| | |
|---|---|
| മുന്നിരിപ്പ് | ₹46229722 |
| വരവ് | ₹273462000 |
| ചെലവ് | ₹306172000 |
| നീക്കിയിരിപ്പ് | ₹13519722 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 30.04.2021 | - | - |

### 1-3(1) ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| വികസനഫണ്ട് | പൊതു വിഭാഗം | 0 | 26590500 | 26590500 | 24499281 | 2091219 |
| | പട്ടിക ജാതി വിഭാഗം | 0 | 11134000 | 11134000 | 7842241 | 3291759 |
| | പട്ടിക വർഗ്ഗ വിഭാഗം | 0 | 1536797 | 1536797 | 1319395 | 217402 |
| ധനകാര്യകമ്മീഷൻ | ഉപാധി ഗ്രാന്റ് | 0 | 21010832 | 21010832 | 12233463 | 8777369 |
| | ഉപാധിരഹിത ഗ്രാന്റ് | 0 | 10350000 | 10350000 | 2653071 | 7696929 |
| മെയിന്റനൻസ് ഗ്രാന്റ് | റോഡ് | 0 | 11369000 | 11369000 | 11152116 | 216884 |
| | റോഡിതരം | 0 | 7339000 | 7339000 | 6682409 | 656591 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | ഐ.സി.ഡി.എസ് | 438880 | 1406989 | 1845869 | 800000 | 1045869 |
| | സമ്പൂർണ്ണ ശുചിത്വം | 3507244 | 1049 | 3508293 | 921198 | 2587095 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി | 0 | 1902312 | 1902312 | 1829024 | 73288 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | ലൈഫ് | 734743 | 5279023 | 6013766 | 6013766 | 0 |
| | | ശുചിത്വ മിഷൻ | 451962 | 3375431 | 3827393 | 252641 | 3574752 |
| | | സമ്പൂർണ്ണ ശുചിത്വം | 282 | 0 | 282 | 0 | 282 |
| വിവിധ വകുപ്പ് | റവന്യൂ | പകർച്ചവ്യാധി നിയന്ത്രണം | 0 | 624338 | 624338 | 500000 | 124338 |
| | കൃഷി | ബണ്ട് നിർമ്മാണം | 357706 | 0 | 357706 | 0 | 357706 |
| | ആയുർവ്വേദം | ടോയ്‌ലറ്റ് നിർമ്മാണം | 93600 | 0 | 93600 | 0 | 93600 |
| | കില | ട്രെയിനിംഗ് | 0 | 41137 | 41137 | 25600 | 15537 |
| | റവന്യൂ | ഇലക്ഷൻ | 0 | 72000 | 0 | 72000 | 0 |
| | കുടുംബശ്രീ | ആശ്രയ | 735237 | 0 | 735237 | 0 | 735237 |
| | ആരോഗ്യം | ചിയാക്ക് | 4610 | 0 | 4610 | 0 | 4610 |
| | റവന്യൂ | ബി.പി.എൽ. ഇൻസെന്റീവ് | 4 | 0 | 4 | 0 | 4 |

1-3-(2) ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

*1. സ്രോതസ്സിൽ നിന്നും കുറവ് വരുത്തുന്ന തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല.*

എ) വികസന ഫണ്ട് -പൊതുവിഭാഗം

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക ₹ | കുറവ് വരുത്തിയ തുക & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|
| 1 | സ.ഉ (സാധാ) 43/21/ധനം തീ: 01.01.2021 | 7878700 | ₹569400 (അംഗനവാടി ജീവനക്കാരുടെ വേതനം) | 1922774 |
| | | | ₹1668666 (ലൈഫ് വായ്പ തിരിച്ചടവ്) | |
| 2 | സ.ഉ(സാധാ)4461/20/ധനം തീ: 03.08.2020 | 2787250 | ₹569400 (അംഗനവാടി ജീവനക്കാരുടെ വേതനം) | 549183 |
| | | | ₹1668667 (ലൈഫ് വായ്പ തിരിച്ചടവ്) | |

| | | | | |
|---|---|---|---|---|
| 3 | സ.ഉ.(സാധാ)2657/2020/ധനം തീ:01.04.2020 | 8646700 | ₹569400 (അംഗനവാടി ജീവനക്കാരുടെ വേതനം) | 8077300 |

ബി) വികസന ഫണ്ട് -പട്ടിക ജാതിവിഭാഗം

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക ₹ | കുറവ് വരുത്തിയ തുക & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|
| 1 | സ.ഉ(സാധാ)43/21/ധനം തീ: 01.01.2021 | 3711300 | ₹329666 (ലൈഫ് വായ്പ തിരിച്ചടവ്) | 3381634 |
| 2 | സ.ഉ.(സാധാ)4461/20/ധനം തീ:03.08.2020 | 1855750 | ₹329667 (ലൈഫ് വായ്പ തിരിച്ചടവ്) | 1526083 |

സി) വികസന ഫണ്ട് -പട്ടിക വർഗ്ഗവിഭാഗം

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക ₹ | കുറവ് വരുത്തിയ തുക & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|
| 1 | സ.ഉ(സാധാ) 43/21/ധനം തീ: 01.01.2021 | 435000 | ₹146628 (ലൈഫ് വായ്പ തിരിച്ചടവ്) | 288372 |
| 2 | സ.ഉ.(സാധാ)4461/20/ധനം തീ:03.08.2020 | 217500 | ₹146627 (ലൈഫ് വായ്പ തിരിച്ചടവ്) | 70873 |

ഡി) സംരക്ഷണ ഗ്രാന്റ് – റോഡിതരം

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക ₹ | കുറവ് വരുത്തിയ തുക & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|
| 1 | സ.ഉ(സാധാ)4444/20/20/ധനം തീ: 03.08.2020 | 2446300 | ₹74228 (വോട്ടിംഗ് മെഷീൻ) | 2372072 |

*2. സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിൽ ഉൾപ്പെടുത്താത്തതിനാൽ ലാപ്സായി പോയ തുകയുടെ വിവരം കൃത്യമായി പ്രതിഫലിക്കുന്നില്ല.*

| ഫണ്ടിനം | വരവ് ₹ | | ലാപ്സായി പോയ തുക ₹ | |
|---|---|---|---|---|
| | യഥാർത്ഥം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | യഥാർത്ഥം |

| | | | | |
|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 26590500 | 21544967 | (-)2954314 | 2091219 |
| വികസന ഫണ്ട് പട്ടികജാതി വിഭാഗം | 1134000 | 10474667 | 2632426 | 3291759 |
| വികസന ഫണ്ട് പട്ടികവർഗ്ഗ വിഭാഗം | 1536797 | 1243542 | (-)75853 | 217402 |
| സംരക്ഷണ ഗ്രാന്റ് – റോഡിതരം | 733900 | 7264772 | 582363 | 656591 |

*3. വരവിൽ ഉൾപ്പെടുത്തിയിട്ടില്ല*

തൻ വർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ച സംസ്ഥാനാവിഷ്കൃത ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട് എന്നിവ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-4-1 പദ്ധതി അവലോകനം

പദ്ധതി നിർവ്വഹണം

തൻ വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 295 | 170097145 | 169 | 81897280 | 22 | 9 | 57.28 |

1. ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

| ഇനം | | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം % |
|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 31285975 | 24499281 | 78.31 |
| | പട്ടികജാതി വിഭാഗം | 14443666 | 7842241 | 54.30 |
| | പട്ടികവർഗ്ഗ വിഭാഗം | 1805628 | 1319395 | 73.07 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 25816902 | 14886534 | 57.66 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | 4905988 | 1721198 | 35.08 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | 18198294 | 1090000 | 5.99 |
| തനത് ഫണ്ട് | | 7566079 | 4112621 | 54.36 |
| ബ്ലോക്ക്പഞ്ചായത്ത് ഫണ്ട് | | 6395592 | 94900 | 1.48 |

| | | | | |
|---|---|---|---|---|
| ജില്ലാപഞ്ചായത്ത് ഫണ്ട് | | 6182245 | 570045 | 9.22 |
| സംരക്ഷണ ഗ്രാന്റ് | റോഡ് | 13879000 | 1152116 | 80.35 |
| | റോഡിതരം | 9089000 | 6682409 | 73.52 |
| മറ്റിനം | | 30528776 | 7926540 | 25.96 |
| ആകെ | | 170097145 | 81897280 | 48.15 |

2. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് തുക ₹ | ചെലവ് ശതമാനം % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 7500438 | 12 | 6119019 | 81.58 |
| വെറ്ററിനറി സർജൻ | 12 | 3551200 | 12 | 2142293 | 60.33 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി. | 4 | 1003200 | 3 | 904283 | 90.14 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 3 | 580000 | 2 | 505500 | 87.16 |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 3 | 888000 | 3 | 888000 | 100.00 |
| വി.ഇ.ഒ. | 3 | 1677055 | 3 | 708300 | 42.23 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10 | 7241845 | 9 | 6641894 | 91.72 |
| സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 45 | 18358694 | 39 | 15406157 | 83.92 |
| ഹെഡ്മാസ്റ്റർ | 7 | 1370955 | 6 | 1073255 | 78.29 |
| അസിസ്റ്റന്റ് എൻജിനീയർ | 177 | 59262633 | 96 | 34360579 | 57.98 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2000000 | 2 | 1000000 | 50.00 |
| അസിസ്റ്റന്റ് സെക്രട്ടറി | 16 | 65433125 | 13 | 12148000 | 18.57 |
| എസ്.ഐ. ഫിഷറീസ് | 1 | 1230000 | 0 | 0 | 0.00 |

| | | | | | |
|---|---|---|---|---|---|
| ആകെ | 295 | 170097145 | 200 | 81897280 | 48.15 |

3. വിവിധ മേഖലകൾക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം

| ഫണ്ട് | മേഖല | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം % |
|---|---|---|---|---|---|
| പൊതുവിഭാഗം | ഉത്പാദനം | 28 | 14434838 | 9772396 | 67.70 |
| | സേവനം | 132 | 86026523 | 31259190 | 36.34 |
| | പശ്ചാത്തലം | 81 | 32764072 | 25851058 | 78.90 |
| പട്ടികജാതി വിഭാഗം | ഉത്പാദനം | 3 | 591800 | 275367 | 46.53 |
| | സേവനം | 28 | 26528751 | 8075243 | 30.44 |
| | പശ്ചാത്തലം | 10 | 3195533 | 2464631 | 77.13 |
| പട്ടികവർഗ്ഗ വിഭാഗം | ഉത്പാദനം | 3 | 405000 | 237000 | 58.52 |
| | സേവനം | 9 | 6039990 | 3877395 | 64.20 |
| | പശ്ചാത്തലം | 1 | 110638 | 85000 | 76.83 |
| | ആകെ | 295 | 170097145 | 81897280 | 48.15 |

4. പ്രത്യേക ഘടക പദ്ധതികൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം

| ഘടകം | പ്രോജക്ടിന്റെ എണ്ണം | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം% |
|---|---|---|---|---|---|
| വനിതാ ഘടകം | 17 | 17 | 5394807 | 4314523 | 79.98 |
| കുട്ടികൾ | 7 | 5 | 1285118 | 1050830 | 81.77 |
| വൃദ്ധർ | 8 | 5 | 2493946 | 1885397 | 75.60 |
| ഭിന്നശേഷിക്കാർ | 1 | 1 | 7000000 | 7000000 | 100.00 |
| പാലിയേറ്റീവ് കെയർ | 3 | 3 | 1645000 | 1604283 | 97.52 |

| | | | | | |
|---|---|---|---|---|---|
| യുവജന വികസനം | 1 | 0 | 69535 | 0 | 0.00 |
| ആകെ | 37 | 26 | 11588406 | 9555033 | 82.45 |

## 1-4-2 സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കിയില്ല - ഗ്രാമപഞ്ചായത്തിന് 2.25 കോടിയിലധികം രൂപയുടെ വികസന പ്രവർത്തനങ്ങൾ നഷ്ടമായി

സമയബന്ധിതമായി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുവാൻ സാധിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് സർക്കാർ ഗ്രാന്റിനത്തിൽ ₹2,29,48,153/- ലാപ്സായി. വികസന കാര്യത്തിലും അടിസ്ഥാന സൗകര്യ ലഭ്യതയുടെ കാര്യത്തിലും പിന്നോക്കം നിൽക്കുന്ന ഗ്രാമപഞ്ചായത്തിന് നഷ്ടമായത് 2.25 കോടിയിലധികം രൂപയുടെ വികസന പ്രവർത്തനങ്ങളാണ്. അടിസ്ഥാനതലങ്ങളിലുള്ള വികസനങ്ങൾക്ക് വേണ്ടി ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന കേന്ദ്ര സംസ്ഥാന ഫണ്ടുകൾ വിനിയോഗിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്താതിരിക്കുന്നത് വരുംവർഷങ്ങളിൽ ഫണ്ട് ലഭ്യത കുറയുന്നതിന് സാഹചര്യമൊരുക്കും. ലഭ്യമാകുന്ന ധനസഹായങ്ങൾ സമയബന്ധിതവും കാര്യക്ഷമവുമായി വിനിയോഗിക്കുവാൻ ശ്രദ്ധ പുലർത്തേണ്ടതാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പുകൾ/മോണിട്ടറിംഗ് സമിതികൾ ഇവരുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

തൻവർഷം ലാപ്സായ ഫണ്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ടിനം | | വരവ് ₹ | ചെലവ് ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 26590500 | 24499281 | 2091219 |
| | പട്ടിക ജാതി വിഭാഗം | 11134000 | 7842241 | 3291759 |
| | പട്ടിക വർഗ്ഗ വിഭാഗം | 1536797 | 1319395 | 217402 |
| ധനകാര്യ കമ്മീഷൻ | ഉപാധി ഗ്രാന്റ് | 21010832 | 12233463 | 8777369 |
| | ഉപാധി രഹിത ഗ്രാന്റ് | 10350000 | 2653071 | 7696929 |
| മെയിന്റനൻസ് ഗ്രാന്റ് | റോഡ് | 11369000 | 11152116 | 216884 |
| | റോഡിതരം | 7339000 | 6682409 | 656591 |
| | | | ആകെ | 22948153 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 275627 | 855119 | 1130746 | 1130571 | 175 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 16004571 | 16004571 | 16004571 | 0 |

| | | | | | |
|---|---|---|---|---|---|
| മെറ്റീരിയൽ ജോലികൾ | 0 | 1678000 | 1678000 | 1678000 | 0 |
| 100 ദിന തൊഴിൽ പ്രോത്സാഹനം | 0 | 33000 | 33000 | 33000 | 0 |

## 1-6 ക്ഷേമ പെൻഷനുകൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിലില്ലായ്മ വേതനം | 3240 | 3 |
| കർഷക തൊഴിലാളി പെൻഷൻ | 2403600 | 1785 |
| വിധവാ പെൻഷൻ | 16051800 | 11418 |
| വാർദ്ധക്യകാല പെൻഷൻ | 25704800 | 18776 |
| വികലാംഗ പെൻഷൻ | 3873800 | 2789 |
| 50 വയസിന് മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 119400 | 93 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.04.2022-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹31,970/- (മുപ്പത്തിയൊരായിരത്തി തൊള്ളായിരത്തി എഴുപത് രൂപ മാത്രം) ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം സ്ഥാപനത്തിൽ ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. ഫയലുകളുടെ തുടർ നടപടികൾ നിരീക്ഷിക്കുന്നതിന് സൂചിക സോഫ്റ്റ് വെയർ പൂർണ്ണമായും സജ്ജമായിട്ടില്ല. ജീവനക്കാർ ഇതിനായി നിശ്ചയിച്ചിട്ടുള്ള തൻപതിവേട് യഥാവിധി എഴുതി സൂക്ഷിക്കുകയോ മേലാഫീസർമാർ പരിശോധിക്കുകയോ ചെയ്യുന്നില്ല. ബിൽഡിംഗ് സെക്ഷനിൽ മാത്രമാണ് തൻപതിവേട് എഴുതുന്നത്. ആയതിനാൽ ഫയലുകൾ യഥാസമയം തീർപ്പാക്കുന്നു എന്ന് ഉറപ്പാക്കുവാൻ കഴിയുന്നില്ല.

സഞ്ചയയിലെ കണക്കുകൾ വാർഷിക ധനവിവര പത്രികയുമായി പൊരുത്തപ്പെടുന്നില്ല (ഖണ്ഡിക 1-9 ശ്രദ്ധിക്കുക). കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള സാധന സാമഗ്രികൾ വാങ്ങിയത് പ്രത്യേക സ്റ്റോക്ക് രജിസ്റ്ററിൽ വിവരങ്ങൾ ചേർത്ത് എഴുതി സൂക്ഷിക്കുന്നുണ്ട്. ബാങ്ക് ബുക്ക് പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-9-1 വാർഷിക കണക്കുകളുടെ അപാകത

1. അസറ്റ് ഇല്ലാത്ത താഴെ പരാമർശിക്കുന്ന ഇനങ്ങളിൽ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | ഹെഡ് | ഡിപ്രിസിയേഷൻ ₹ |
|---|---|---|
| 1 | 411310101 Sewerage & Drainage | 665 |
| 2 | 411320101 Waterways | 6870357 |

2) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3) ബി-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പുകൾക്ക് എ.സി.ആർ. സൂക്ഷിച്ചിട്ടില്ല.

### 1-9-2 രേഖകളുടെ പിൻബലമില്ലാതെ ഒന്നര ലക്ഷത്തിലധികം രൂപയുടെ ഡിമാന്റ് ഒഴിവാക്കി

തൻവർഷം രേഖകളുടെ പിൻബലമില്ലാതെ ഒന്നര ലക്ഷത്തിലധികം രൂപയുടെ ഡിമാന്റ് ഒഴിവാക്കി. വിശദാംശം താഴെ പരാമർശിക്കുന്നു.

| കോഡ് | ഇനം | തുക ₹ |
|---|---|---|
| 280200101 | Prior Period Income- Rent From Building | 150445 |

ഇത്തരത്തിൽ ഡിമാന്റിൽ നിന്നും രേഖകളുടെ പിൻബലമില്ലാതെ ₹1,50,445/-യുടെ ഡിമാന്റ് ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

### 1-10 വസ്തു നികുതിയിനത്തിൽ കുടിശ്ശിക

വാർഷിക കണക്കുകൾ പ്രകാരം വസ്തു നികുതിയിനത്തിൽ വലിയ തുക കുടിശ്ശികയായി പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിഭാഗം | തൻവർഷ കുടിശ്ശിക ₹ | മുൻ വർഷങ്ങളിലെ കുടിശ്ശിക ₹ |
|---|---|---|---|
| 1 | റെസിഡൻഷ്യൽ | 302972 | 166745 |
| 2 | നോൺ റെസിഡൻഷ്യൽ | 1720590 | 790570 |

കുടിശ്ശികകൾ കാലഹരണപ്പെടാതെ പിരിച്ചെടുക്കുവാൻ (പ്രോസിക്യൂഷൻ നടപടി ഉൾപ്പെടെ) അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ് .

### 1-11 വസ്തുനികുതി-വാർഷിക കണക്ക്, സഞ്ചയ തുകകൾ പൊരുത്തപ്പെടുന്നില്ല

സാംഖ്യ-സഞ്ചയ കണക്കുകൾ താഴെ പരാമർശിക്കും പ്രകാരം വ്യത്യാസപെട്ട് കാണുന്നു.

| | സാംഖ്യ | | | സഞ്ചയ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ |
| മുൻവർഷം | 1152601 | 1301484 | 957315 | 2282957 | 1337409 | 952065 |
| തൻവർഷം | 1171272 | 5472736 | 2023562 | 7321517 | 5779149 | 2039433 |

ഇത്തരത്തിൽ വ്യതിയാനം വന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

1-12 2015-2016-ലെ ജനറൽ പർപ്പസ് ഗ്രാന്റ് 14 ലക്ഷത്തിലധികം രൂപ ക്രെഡിറ്റിൽ കുറവ്

ഗ്രാമപഞ്ചായത്തിന്റെ ട്രഷറി റ്റി.എസ്.ബി അക്കൗണ്ടിന്റെ (നം.450250110) 31.03.2021-ലെ റീക്കൺസിലേഷൻ പരിശോധനയിൽ താഴെ പരാമർശിക്കും പ്രകാരം "ChequesDeposited But Not Collected" എന്ന് രേഖപ്പെടുത്തിയതായി ശ്രദ്ധയിൽ പെട്ടു.

| Vr. No. | VR. Date | INST. NO. | Inst. Date. | Amount ₹ |
|---|---|---|---|---|
| 11507600017 | 30.03.2016 | G P 11 | 30.03.2016 | 705917 |
| 11507600018 | 30.03.2016 | G P 12 | 30.03.2016 | 705913 |

പ്രസ്തുത തുകകൾ 2015-16-ൽ അനുവദിച്ചതാണെന്നും നാളിതുവരെ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ലെന്നും തുക ക്രെഡിറ്റ് ആകാത്ത വിഷയത്തിൽ സർക്കാരുമായി കത്തിടപാടുകൾ നടത്തിയിട്ടുള്ളതായും വാക്കാൽ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഓഫീസ് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം. 4/22.0.2022) നൽകിയെങ്കിലും മറുപടിയോ ഫയലുകളോ ലഭ്യമാക്കിയില്ല. സർക്കാർ, അക്കൗണ്ടന്റ് ജനറൽ എന്നിവരുമായി ബന്ധപ്പെട്ട് പ്രസ്തുത തുക ₹14,11,830/- ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുന്നതിന് ഊർജ്ജിത ശ്രമങ്ങൾ ഭരണസമിതി തലത്തിൽ നിന്നും ഉണ്ടാകേണ്ടതാണ്.

1-13 ഇ-ടെണ്ടർ ഫോറ വില,നിരത ദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.04.2015-ലെ ജി.ഒ(പി)1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷം ഇ-ടെൻഡർ നടപടികളിലൂടെ 82 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ (ടെൻഡർ ഫോം വില + ടെൻഡർ വിജയിയായ കരാറുകാരന്റെ മാത്രം നിരതദ്രവ്യം) ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിവിധ കരാറുകാർ ഈയിനങ്ങളിൽ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തികവർഷം | പ്രവൃത്തികളുടെ എണ്ണം | ഫോം വില ₹ |
|---|---|---|
| 2020-21 | 82 | 112720 |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-14 തുമ്പൂർമുഴി മാലിന്യ സംസ്കരണ പ്ലാന്റ് - റവന്യൂ വരുമാന വർദ്ധനവിനുള്ള സാധ്യത പരിഗണിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ മാലി എന്ന പ്രദേശത്ത് 2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നിർമിച്ച പ്ലാന്റിൽ 22 തുമ്പൂർമുഴി മോഡൽ ജൈവ മാലിന്യ സംസ്കരണ യൂണിറ്റുകളാണുള്ളത്. മാലിന്യം തരം തിരിച്ച് സംസ്കരിക്കുന്നതിന് 02 ദിവസവേതന തൊഴിലാളികളെ തൻവർഷം സെപ്റ്റംബർ മാസംവരെ ഗ്രാമപഞ്ചായത്ത് നിയോഗിക്കുകയും അവർക്കായി ₹2,19,600/- ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിലാളികളുടെ കൂലിക്ക് പുറമെ ചാണകം വാങ്ങുന്നതിനും തുകകൾ ചെലവഴിച്ചതായി വൗച്ചറുകളിൽനിന്ന് വ്യക്തമാണ്. പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ച് 02 വർഷം കഴിഞ്ഞെങ്കിലും ഉത്പാദിപ്പിച്ച ജൈവവളത്തിന്റെ വില്പനയിനത്തിൽ തുകയൊന്നും ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഓഡിറ്റ് വേളയിൽ പ്രസ്തുത പ്ലാന്റിൽ പ്രാദേശിക പരിശോധന നടത്തി. ആകെയുള്ള 22 യൂണിറ്റുകളിൽ

20 എണ്ണത്തിലും മാലിന്യം കമ്പോസ്റ്റ് അവസ്ഥയിലേക്ക് സംസ്കരിക്കപ്പെട്ടതായി കണ്ടു. ഏലം, കുരുമുളക് പോലുള്ള വിളകളാണ് ഗ്രാമപഞ്ചായത്തിൽ വ്യാപകമായി കൃഷി ചെയ്ത് വരുന്നത്. മണ്ണിന്റെ ഫലഭൂയിഷ്ഠത ഉറപ്പ് വരുത്തുന്നതിന് ജൈവ രീതിയിലുള്ള വളപ്രയോഗത്തിന് ഈ കാലഘട്ടത്തിൽ കർഷകർ കൂടുതൽ പ്രാധാന്യം നൽകുന്നതിനാൽ ജൈവ കമ്പോസ്റ്റിന് മികച്ച വിപണന സാധ്യതയാണുള്ളത്. എന്നാൽ ഉത്പാദിപ്പിക്കുന്ന ജൈവവളം യഥാസമയം ലേലത്തിലൂടെയോ ഇതര മാർഗങ്ങളിലൂടെയോ വിറ്റഴിക്കാതെ സൂക്ഷിക്കുന്നത് അതിന്റെ ഉപയോഗയോഗ്യതയെ ദോഷകരമായി ബാധിക്കുന്നതാണ്. സമീപസ്ഥ ഗ്രാമപഞ്ചായത്തുകൾ ഇത്തരം പ്ലാന്റുകളുടെ നടത്തിപ്പ് ചുമതല പരസ്യ ലേലത്തിലൂടെ കയ്യൊഴിഞ്ഞ് പുതിയ റവന്യൂ വരുമാന സ്രോതസ് കണ്ടെത്തുകയും ആവർത്തന ചെലവ് ബാധ്യതകളിൽ നിന്ന് ഒഴിയുകയും ചെയ്യുന്ന രീതി ഗ്രാമപഞ്ചായത്തിനും മാതൃകയാക്കാവുന്നതാണ്.

ആകയാൽ നിലവിൽ സംഭരിക്കപ്പെട്ടിട്ടുള്ള ജൈവവളം പരസ്യ ലേലത്തിലൂടെയോ ഇതര മാർഗങ്ങളിലൂടെയോ താമസംവിനാ വിറ്റഴിച്ച് തനത് വരുമാന വർദ്ധനവ് ഉറപ്പ് വരുത്തേണ്ടതും തുടർന്നുള്ള പ്ലാന്റ് പ്രവർത്തനം മറ്റ് ഗ്രാമപഞ്ചായത്തുകളുടെ മാതൃക പിൻതുടർന്ന് നടത്തുന്നതിനുള്ള സാധ്യത വിലയിരുത്തേണ്ടതുമാണ്. ഭരണസമിതിയുടെ സജീവശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-15 മംഗലംപടി അംഗനവാടി അറ്റകുറ്റപ്പണി - കരാറുകാരന് 12% ജി.എസ്.ടി വിഹിതം അധികം അനുവദിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനിയർ |
| പ്രോജക്റ്റ് നം. | 115/19&190/2021 |
| പദ്ധതി അടങ്കൽ | ₹1,50,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| കരാറുകാരൻ | ജയമോഹൻ |
| കരാർ നം | 22/AE/LSGD/VMD/18-19/തീയതി. 17.09.2018 |
| അളവ് ബുക്ക് | 1041/19-20 & 1042/19-20 |
| ബിൽ നം./തീയതി/തുക | 8/21.04.2020. ₹1,49,585/- |

മംഗലംപടി അംഗനവാടി അറ്റകുറ്റപ്പണി എന്ന പ്രവൃത്തിയിൽ ഏറ്റവും കുറഞ്ഞ തുകയായ ₹1,49,653/-(എസ്റ്റിമേറ്റ് നിരക്ക്) ക്വോട്ട് ചെയ്ത ശ്രീ. ജയൻ മോഹൻ എന്ന കരാറുകാരനെയാണ് പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ഏൽപ്പിച്ചിരുന്നത് 54.91% കോസ്റ്റ് ഇൻഡക്സും കരാറുകാരന്റെ ലാഭവിഹിതവും ഉൾപ്പെടെ തയ്യാറാക്കിയ പദ്ധതിയാണിത്. 17.09.2018-ൽ കരാർ ഒപ്പുവെച്ച പ്രവൃത്തിയിൽ 12% ജി.എസ്.ടി. നഷ്ടപരിഹാര തുക ഉൾപ്പെടുത്തിയിരുന്നില്ല. കരാർ തീയതി മുതൽ 6 മാസമായിരുന്നു പദ്ധതി പൂർത്തീകരണ കാലാവധി. പദ്ധതിയുടെ ആകെ പ്രവൃത്തി മൂല്യമായി കണക്കാക്കിയിരിക്കുന്നത് ₹1,33,555/-യാണ്. ആകെ പ്രവൃത്തി മൂല്യമായ ₹1,33,555/-യുടെ കൂടെ 12% ജി.എസ്.ടി, വിഹിതമായ ₹16,027/-കൂടി ചേർത്ത് ₹1,49,585/-യാണ് കരാറുകാരന് അനുവദിച്ചിരിക്കുന്നത്. എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാലും 2018-19 വർഷം അംഗീകാരം നേടിയ പ്രവൃത്തിയുമായതിനാൽ കരാറുകാരന് 12% ജി.എസ്.ടി. വിഹിതം അനുവദനീയമല്ല. കരാറുകാരന് ₹16,030/-(149585-133585) അധികം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (നം.3/22.04.2022) വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ജി.എസ്.ടി. നഷ്ട പരിഹാരമിനത്തിൽ നൽകിയ ₹16,027/- ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ അന്തിമ ബിൽ തയ്യാറാക്കിയ അസി. എഞ്ചിനീയർ ശ്രീ. ജോസഫ് തോമസിൽ നിന്നോ ഈടാക്കേണ്ടതാണ്.

1-16 എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - മുൻകൂറായി തുക ഒടുക്കി ഒരു വർഷം കഴിഞ്ഞിട്ടും ലാപ്ടോപ്പുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ |
| പ്രോജക്റ്റ് നം. | 204/21 |
| പദ്ധതി അടങ്കൽ | ₹3,42,000/-(വികസന ഫണ്ട് - എസ്.സി.പി) |
| ബിൽ നം./തീയതി & തുക | 20100852008801339987/24.03.2021, ₹2,19,680/- |

പ്രസ്തുത പ്രോജക്റ്റ് പ്രകാരം, ₹27,460/- നിരക്കിൽ 8 ലാപ്ടോപ്പുകൾ CPRCS മുഖേന വാങ്ങുന്നതിനായി ₹2,19,680/- 24.03.2021-ൽ മേൽ സൂചിത ബിൽ പ്രകാരം കെൽട്രോണിന് നൽകിയിട്ടുണ്ടെങ്കിലും അവ നാളിതുവരെ ലഭ്യമായിട്ടില്ല. ലാപ്ടോപ്പുകൾ ലഭ്യമാകാത്തത് സംബന്ധിച്ച് 09.03.2022-ൽ ഹെഡ്മാസ്റ്റർ നൽകിയ കത്തിന് തുക തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് കെൽട്രോൺ അറിയിച്ചിട്ടുണ്ട്. ലാപ്ടോപ്പുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ കെൽട്രോണിൽ നിന്നും തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-17 ജൈവ മാലിന്യ ശേഖരണത്തിന് വീടുകൾക്ക് വേസ്റ്റ് ബിൻ -വാങ്ങിയ പാത്രങ്ങൾ പൂർണമായി വിതരണം ചെയ്തിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| പ്രോജക്റ്റ് നം. | എസ്.293/20, എസ്.321/21 |
| അടങ്കൽ തുക | ₹5,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവഴിച്ച തുക | ₹4,72,000/- |
| ബിൽ വിവരങ്ങൾ | BRN 20100852013900542239/തീ. 22.09.2020 |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ തമിഴ് വംശജരായ തൊഴിലാളികൾ കൂട്ടമായി അധിവസിക്കുന്ന അനേകം കോളനികളുണ്ട്. " എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം " എന്ന ഹരിത കേരളം പ്രോജക്റ്റിന്റെ ആപ്തവാക്യമനുസരിച്ചുള്ള ഉറവിട മാലിന്യ സംസ്കരണത്തിന് യാതൊരുവിധ സ്ഥലസൗകര്യവും പ്രസ്തുത കോളനികളിൽ ലഭ്യമല്ലാത്തതിനാൽ ഗാർഹിക ജൈവമാലിന്യങ്ങൾ വീടുകളിൽ നിന്ന് ശേഖരിച്ച് മാലി എന്ന സ്ഥലത്തുള്ള തുമ്പൂർമുഴി മോഡൽ പ്ലാന്റിലെത്തിച്ച് സംസ്കരിക്കുന്നതിനുള്ള ഉപാധിയെന്ന നിലയിലാണ് പ്രസ്തുത പ്രോജക്റ്റ് ആസൂത്രണം ചെയ്തത്. ഓരോ കുടുംബത്തിനും 8-10 ലിറ്റർ വ്യാപ്തമുള്ള ഒരു സ്റ്റീൽ ബിൻ വാങ്ങി നൽകി വീടുകളിലെ ജൈവമാലിന്യം ശേഖരിക്കുക എന്നതായിരുന്നു പദ്ധതി പ്രവർത്തനം. ഇതിനായി M/S മരിയ ഹൈജീൻ സൊല്യൂഷൻ, പുന്ന റെസിഡൻസി, കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം പി. ഒ. എന്ന സ്ഥാപനത്തിൽ നിന്ന് മേൽ പട്ടികയിൽ വിവരിച്ച പ്രകാരം ₹590/- നിരക്കിൽ 800 ബിന്നുകൾ വാങ്ങി. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം ആകെ 535 എണ്ണം മാത്രമാണ് നാളിതുവരെ വിതരണം ചെയ്തിട്ടുള്ളത്. ശേഷിക്കുന്ന 265 എണ്ണം ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ആകെ വീടുകളുടെ എണ്ണത്തിന് ആനുപാതികമായി ബിന്നുകൾ വാങ്ങാതിരുന്നതിനാൽ മുഴുവൻ കോളനികളിലും ആവശ്യമുള്ളവർക്ക് വിതരണം ചെയ്യാൻ കഴിയാതെ വരികയും അവ പരാതിക്കിടയാക്കുകയും ചെയ്തതിനാലാണ് 265 എണ്ണം അവശേഷിച്ചതെന്ന് അധികൃതർ അറിയിച്ചു. എന്നാൽ ഈ

കുറവ് പരിഹരിക്കുന്നതിന് പൂരകമായ പ്രോജക്ട് തുടർന്നുള്ള വർഷം ആസൂത്രണം ചെയ്തിട്ടില്ല. സ്രോതസ്സിൽ തന്നെയുള്ള ജൈവമാലിന്യ നിർമ്മാർജ്ജനം സാധ്യമാക്കുന്നതിന് ബദൽ സംവിധാനമൊന്നും ഒരുക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്രോജക്ട് ലക്ഷ്യം കാണാതെ അവസാനിപ്പിച്ച നടപടി ക്രമപ്രകാരമുള്ളതല്ല. ആകയാൽ വിതരണം ചെയ്യാതെ പഞ്ചായത്ത് കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ള ബിന്നുകളുടെ മൂല്യമായ ₹1,56,350/- (590 X 265) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഹരിത കേരളം പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ ഉതകുംവിധം പ്രോജക്ടുകൾ ആവിഷ്കരിച്ച് ബിന്നുകൾ യഥാവിധി വിതരണം ചെയ്ത് വിവരം അറിക്കേണ്ടതാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ സജീവശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-18 വീട് നവീകരണം പൂർത്തിയാക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | 43/21, വീട് മെയിന്റനൻസ് (റ്റി.എസ്.പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. |
| അടങ്കൽ | ₹4,00,000/- വികസന ഫണ്ട് (ടി.എസ്.പി.) |
| ചെലവ് | ₹2,23,300/- |
| ബിൽ നമ്പർ/തീയതി/തുക | 20100852008401190426/തീയതി. 05.03.2021, ₹50,000/- |

ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ₹1,00,000/- വരെ വീട് മെയിന്റനൻസിന് നൽകാനുള്ള പദ്ധതിയാണിത്. ആദ്യ ഗഡുവായ ₹50,000/- കൈപ്പറ്റി ഒരു വർഷം കഴിഞ്ഞിട്ടും ശ്രീമതി ശെൽവി പാച്ചപിള്ള, പളയക്കുടി, പുളിയൻമല (വാർഡ് - 3) എന്ന വ്യക്തി വീട് മെയിന്റനൻസ് പൂർത്തിയാക്കി വിവരം പഞ്ചായത്തിൽ അറിയിച്ചിട്ടില്ല. ടിയാളുടെ വീട് നവീകരണം പൂർത്തീകരിച്ചിട്ടുള്ളപക്ഷം വാല്യൂവേഷൻ സർട്ടിഫിക്കറ്റ് സഹിതം വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (1/21.04.2022) നാളിതുവരെ വീട് പണി പൂർത്തീകരിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകാത്തതിനാൽ ഗുണഭോക്താവിൽ നിന്ന് തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കാം എന്ന മറുപടി ആണ് ലഭ്യമാക്കിയിരിക്കുന്നത്. തുടർ നടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 144(4) വകുപ്പ് അനുസരിച്ച്, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപ തുക പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്. ഇലക്ഷൻ നിക്ഷേപമിനത്തിൽ 2015-16-ൽ ലഭിച്ച ₹7,000/- മുന്നിരിപ്പ് ഉൾപ്പടെ ₹1,01,500/- നിക്ഷേപ രജിസ്റ്റർ പ്രകാരം വരവുണ്ട്. എന്നാൽ മുൻ തെരഞ്ഞെടുപ്പിലും 2020 ഡിസംബർ മാസം നടന്ന തെരഞ്ഞെടുപ്പിലും വിജയം/പ്രസ്തുത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായിട്ടില്ല. മുന്നിരിപ്പായി സൂചിപ്പിട്ടുള്ള നിക്ഷേപ തുക ഇതിനോടകം കാലഹരണപ്പെട്ടതാണ്. ടി തുകയും വരണാധികാരിയിൽനിന്ന് ലഭിച്ച 2020-ലെ തെരഞ്ഞെടുപ്പ് ഫലം അടിസ്ഥാനപ്പെടുത്തി പ്രസ്തുത വർഷത്തെ നിക്ഷേപവും പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-20 ABC പ്രോജക്ട് - വിനിയോഗ സാക്ഷ്യപത്രമില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| പ്രോജക്ട് നം. | എസ്. 016/2021 |
| അടങ്കൽ തുക | ₹1,00,000/- (വികസന ഫണ്ട്) |
| ചെലവ് തുക | ₹1,00,000/- |
| ബിൽ നം./തീയതി | BRN 20100852013900479520/തീ. 26.08.2020 |

പേവിഷബാധ നിർമാർജ്ജനത്തിന്റെ ഭാഗമായി നായകളെ വന്ധീകരിക്കുന്നതിനും അവയുടെ ശസ്ത്രക്രിയാനന്തര

പരിചരണത്തിനുമായി തയ്യാറാക്കിയ പ്രോജക്ട് പ്രകാരം സേവനദാതാവായ കുടുംബശ്രീയുടെ ഇടുക്കി ജില്ലാ മിഷൻ കോ-ഓഡിനേറ്റർക്ക് മേൽ വിവരിച്ച പ്രകാരം തുക കൈമാറി നൽകി. എന്നാൽ അത് യഥാവിധി സമയബന്ധിതമായി വിനിയോഗിച്ചുവെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം നിർവ്വഹണ ഏജൻസി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ, ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21 കന്നുകുട്ടി പരിപാലന പദ്ധതി - പ്രോജക്ട് ഓഫീസർക്ക് കൈമാറിയ തുക വിനിയോഗിക്കാതെ ശേഷിക്കുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ | S0312/21 |
| ചെലവഴിച്ച തുക | ₹4,00,000/- (വികസന ഫണ്ട്) |
| ബിൽ നമ്പർ/തീയതി | BRN 20100852008900183939/20.05.2020 |

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് വേണ്ടി ₹12,500/- ഗ്രാമപഞ്ചായത്തും ഗുണഭോക്തൃ വിഹിതമായി ₹12,500/-യും വിനിയോഗിച്ചാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 32 ഗുണഭോക്താക്കളുള്ള ടി പ്രോജക്ടിലൂടെ കാലിത്തീറ്റ വിതരണത്തിനായി വികസനഫണ്ടിൽ നിന്നും ₹4,00,000/- വെറ്ററിനറി സർജന്റെ 710081400000031 നമ്പർ STSB അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്തിരിക്കുന്നത്. പ്രോജക്ട് പ്രകാരമുള്ള കാലിത്തീറ്റ വിതരണം പുറ്റടി ക്ഷീരസംഘം മുഖേന പുരോഗമിച്ചു വരുന്നു. എന്നാൽ ആകെയുള്ള 32 ഗുണഭോക്താക്കളിൽ 02 പേർ വിവിധ കാരണങ്ങളാൽ കാലിത്തീറ്റ വാങ്ങുന്നതിൽ മുടക്കം വരുത്തിയിട്ടുള്ളതായി സംഘത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽനിന്ന് വ്യക്തമായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കർഷകന്റെ പേര് | ഗുണഭോക്താവിന് വേണ്ടി കൈമാറിയ തുക ₹ | കാലിത്തീറ്റയുടെ വിലയിനത്തിൽ ഗുണഭോക്താവിന് ലഭിച്ച ആകെ സബ്സിഡി ₹ | വെറ്ററിനറി സർജന്റെ അക്കൗണ്ടിൽ അധികമായുള്ള സബ്സിഡി തുക ₹ | കാലിത്തീറ്റ വിതരണം മുടങ്ങിയതിന്റെ കാരണം |
|---|---|---|---|---|---|
| 1 | ശ്രീ.പുരുഷോത്തമൻ നായർ | 12500 | 6181 | 6319 | കന്നുകുട്ടി വിറ്റുപോയി |
| 2 | ശ്രീ. മാത്യൂ തോമസ് | 12500 | 6012 | 6488 | വളർച്ച ദൗർബല്യം മൂലം പട്ടികയിൽനിന്ന് നീക്കം ചെയ്തു |
| ആകെ | | | | 12807 | |

പട്ടികയിൽ പരാമർശിച്ച കാരണങ്ങളാൽ വെറ്ററിനറി സർജന്റെ അക്കൗണ്ടിലേക്ക് കൈമാറിയ തുകയ്ക്ക് വിനിയോഗ സാധ്യതയില്ല. ആകയാൽ പ്രസ്തുത തുക തിരികെ സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/21.04.2022) "പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് അധികമുള്ള തുക സർക്കാരിലേക്ക് തിരികെ ഒടുക്കാം" എന്ന മറുപടി ലഭ്യമാക്കി. ഗുണഭോക്താക്കൾക്കുടെ കാലിത്തീറ്റയുടെ വിലയിനത്തിലെ സബ്സിഡിക്കായി വെറ്ററിനറി സർജന്റെ അക്കൗണ്ടിലേക്ക് നൽകിയ തുക സർക്കാരിലേക്ക് തിരികെ ഒടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-22 കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ - അവലോകനം

ലോകരാജ്യങ്ങളെ മുഴുവൻ പ്രതിസന്ധിയിലാക്കിയ കോവിഡ് മഹാമാരിയെ പ്രതിരോധിക്കുന്നതിന് 2020-21 വർഷവും തുടർന്നും വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ ഗ്രാമപഞ്ചായത്തും പങ്കാളിത്തം വഹിച്ചിട്ടുണ്ട്. തമിഴ് വംശജരായ തോട്ടം തൊഴിലാളികൾ കൂട്ടമായി അധിവസിക്കുന്ന അനേകം കോളനികൾ ഗ്രാമപഞ്ചായത്തിൽ ഉള്ളതിനാൽ കോവിഡ് രോഗനിയന്ത്രണവും പ്രതിരോധ പ്രവർത്തനങ്ങളും ഏറെ സങ്കീർണമായിരുന്നു. അസി. സെക്രട്ടറി ചെയർമാനായും ജൂണിയർ സൂപ്രണ്ട് കൺവീനറായും ഹെൽപ്പ് ഡെസ്ക് രൂപീകരിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 109

യൂത്ത് വോളന്റിയർമാർക്കും വാർഡ്തല ജാഗ്രതാ സമിതികൾക്കും പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. ജീവൻരക്ഷാ മരുന്നുകൾ, സാനിറ്റൈസർ, മാസ്ക് തുടങ്ങിയവയും മറ്റ് പ്രതിരോധ സാമഗ്രികളും വാങ്ങി യഥാവിധി വിതരണം ചെയ്യുന്നതിലും ശുചിത്വ കിയോസ്കുകൾ സ്ഥാപിക്കുന്നതിലും അണുനശീകരണം നടത്തുന്നതിലും പ്രത്യേക ശ്രദ്ധ പുലർത്തിയിട്ടുണ്ട്. പഞ്ചായത്ത്തല കോവിഡ് പ്രതിരോധ കമ്മിറ്റി രൂപീകരിച്ച് സ്ഥിതിഗതികൾ യഥാസമയം നിരീക്ഷിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്താനായി രൂപീകരിച്ച മോണിട്ടറിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ തൃപ്തികരമാണ്. ലോക്ക്ഡൗൺ കാലയളവിൽ ദുരിതം അനുഭവിച്ച സാധുജനങ്ങൾക്ക് കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചണിലൂടെ ആഹാരം പാകം ചെയ്തു നൽകിയിരുന്നു. ഇതിന് വേണ്ടി പ്രത്യേക പ്രോജക്ടിലൂടെ (എസ്. 229/2021 ) ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് ₹1,69,907/- ചെലവഴിച്ചു. ഗ്രാമപഞ്ചായത്ത് കാര്യാലയ പരിസരത്ത് മുമ്പ് ഒരു കാന്റീൻ പ്രവർത്തിച്ചിരുന്നതിനാൽ കമ്മ്യൂണിറ്റി കിച്ചണിന് ആവശ്യമായ പാത്രങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് അധിക വിഭവ സമാഹരണം വേണ്ടി വന്നില്ല. ലോക്ക്ഡൗൺ കാലയളവിലും ഭരണസമിതിയും വിവിധ കമ്മിറ്റികളും നിയമപ്രകാരം ഓൺലൈനായി യോഗം ചേർന്ന് സാഹചര്യങ്ങൾ വിലയിരുത്തുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തിരുന്നു. പഞ്ചായത്തിന്റെ സംയോജിതമായ ഇടപെടൽ കോവിഡ് വ്യാപനത്തെ ഒരു പരിധി വരെ തടയുവാൻ സഹായകമായിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടി ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ചെലവഴിച്ച തുക (₹) |
|---|---|---|
| 1 | CFLTC | 72482 |
| 2 | കമ്മ്യൂണിറ്റി കിച്ചൺ | 256325 |
| 3 | ശുചീകരണം | 46830 |
| 4 | മാസ്ക്, സാനിറ്റൈസർ | 547303 |
| 5 | വാഹന വാടക, അനൗൺസ്മെന്റ് | 46751 |
| | ഒട്ടാകെ | 969691 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മംഗലംപടി അംഗനവാടി അറ്റകുറ്റപ്പണി - കരാറുകാരന് 12% ജി.എസ്.ടി. വിഹിതം അധികം അനുവദിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| പ്രോജക്ട് നം. | 115/19 & 190/21 |
| പദ്ധതി അടങ്കൽ | ₹1,50,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| കരാറുകാരൻ | ജയമോഹൻ |

| | |
|---|---|
| കരാർ നം. | 22/AE/LSGD/VMD/18-19, തീയതി, 17.09.2018 |
| അളവ് ബുക്ക് | 1041/19-20 & 1042/19-20 |
| ബിൽ നം./തീയതി/തുക | 19100852014001661088/31.03.2020, ₹1,49,585/- |

മംഗലംപടി അംഗനവാടി അറ്റകുറ്റപ്പണി എന്ന പ്രവൃത്തിയിൽ ഏറ്റവും കുറഞ്ഞ തുകയായ ₹1,49,653/- (എസ്റ്റിമേറ്റ് നിരക്ക്) ക്വോട്ട് ചെയ്ത ശ്രീ. ജയൻ മോഹൻ എന്ന കരാറുകാരനെയാണ് പ്രവൃത്തിയുടെ നിർവ്വഹണച്ചുമതല ഏൽപ്പിച്ചിരുന്നത് 54.91% കോസ്റ്റ് ഇൻഡക്സും കരാറുകാരന്റെ ലാഭവിഹിതവും ഉൾപ്പെടെ തയ്യാറാക്കിയ പദ്ധതിയാണിത്. 17.09.2018-ൽ കരാർ ഒപ്പുവെച്ച പ്രവൃത്തിയിൽ 12% ജി.എസ്.ടി. നഷ്ടപരിഹാര തുക ഉൾപ്പെടുത്തിയിരുന്നില്ല. കരാർ തീയതി മുതൽ 6 മാസമായിരുന്നു പദ്ധതി പൂർത്തീകരണ കാലാവധി. പദ്ധതിയുടെ ആകെ പ്രവൃത്തിമൂല്യമായി കണക്കാക്കിയിരിക്കുന്നത് ₹1,33,555/-യാണ്. ആകെ പ്രവൃത്തിമൂല്യമായ ₹1,33,555/-യുടെ കൂടെ 12% ജി.എസ്.ടി. വിഹിതമായ ₹16,027/- കൂടി ചേർത്ത് ₹1,49,585/-യാണ് കരാറുകാരന് അനുവദിച്ചിരിക്കുന്നത്. എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാലും 2018-19 വർഷം അംഗീകാരം നേടിയ പ്രവൃത്തിയുമായതിനാൽ കരാറുകാരന് 12% ജി.എസ്.ടി വിഹിതം അനുവദനീയമല്ല. കരാറുകാന് ₹16,030/- (149585-133585) അധികം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/22.04.2022) വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ജി.എസ്.ടി. നഷ്ട പരിഹാരമിനത്തിൽ നൽകിയ ₹16,027/- ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ, അന്തിമ ബിൽ തയ്യാറാക്കിയ അസി. എഞ്ചിനിയർ ശ്രീ. ജോസഫ് തോമസിൽ നിന്നോ ഈടാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 22-04-2022<br>(ഓഡിറ്റിനൊപ്പം പരിശോധിച്ചു) | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2020-21 | 300000 | 105/21<br>നെൽ കൃഷിക്ക് കൂലി ചെലവ് | 300000 | 0 |
| | | 637500 | വിവിധ ലൈഫ് പദ്ധതികൾ | 0 | 637500 |
| ബ്ലോക്ക്പഞ്ചായത്ത് | | 50000 | 317/21<br>തരിശു നില പച്ചക്കറി കൃഷി ധനസഹായം | 50000 | 0 |
| | | 44900 | 318/21<br>തരിശു നില കിഴങ്ങ്‌വർഗ്ഗ വിള കൃഷി ധനസഹായം | 44900 | 0 |

| | | | | |
|---|---|---|---|---|
| | 756600 | വിവിധ ലൈഫ് പദ്ധതികൾ | 0 | 756600 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

- - ഇല്ല - -

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

- - ഇല്ല - -

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹55,00,000/- വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഹഡ്കോ | ജി.ഒ.എം.എസ്.നം. 68/2018/ എൽ.എസ്.ജി.ഡി തീയതി. 18.05.2018 | 53900410 | 45620588 | 5500000 | 4289921 | -- | 46830667 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ നീക്കിയിരുപ്പുണ്ടായിരുന്ന സ്ഥിര നിക്ഷേപം - | ₹25,00,000 |

ഇടുക്കി ജില്ലാപഞ്ചായത്ത് എംപ്ലോയീസ് സഹകരണ സംഘത്തിൽ ഒരു വർഷത്തേക്ക് നിക്ഷേപിച്ചിരുന്ന യഥാക്രമം ₹10,00,000/-, ₹15,00,000/- എന്നീ തുകകളുടെ ആകെ തുകയാണ് പ്രസ്തുത നീക്കിയിരുപ്പ്. ഇവയുടെ കാലാവധി അവസാനിച്ചതിനെത്തുടർന്ന് 11.10.2019-ലെ ഭരണസമിതി തീരുമാനപ്രകാരം (തീരുമാന നം. 21(1) /21.10.2020, 22.10.2020 എന്നീ തീയതികളിലായി പ്രസ്തുത തുക പലിശയടക്കം പുതുക്കി നിക്ഷേപിച്ചു. തൻവർഷം ഇതിൽ നിന്ന് തുകയൊന്നും പിൻവലിച്ചിട്ടില്ല. വർഷാവസാന നീക്കി ബാക്കി ₹27,12,500/-ആണ്.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക ₹ | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | ഇടുക്കി ജില്ലാപഞ്ചായത്ത് എംപ്ലോയീസ് സഹകരണ സംഘം, നെടുങ്കണ്ടം | 21.10.2020 | 2 വർഷം | 1085000.00 | സർട്ടിഫിക്കറ്റ് നം.0238 പലിശ 8.5% പുതുക്കൽ തീ.21.10.2022 |
| 2 | ഇടുക്കി ജില്ലാപഞ്ചായത്ത് എംപ്ലോയീസ് സഹകരണ സംഘം, നെടുങ്കണ്ടം | 22.10.2020 | 2 വർഷം | 1627500.00 | സർട്ടിഫിക്കറ്റ് നം.0237. പലിശ 8.5%. പുതുക്കൽ തീ.22.10.2022 |

| | |
|---|---|
| ആകെ | 2712500.00 |

രണ്ട് നിക്ഷേപങ്ങളും പുതുക്കിയത് 22.10.2020-ൽ ആണ്. ആയത് പ്രകാരം ഒന്നാമത്തെ നിക്ഷേപം പലിശയടക്കം ₹10,85,000/-യും രണ്ടാമത്തെ നിക്ഷേപം പലിശയടക്കം ₹16,27,500/-യുമാണ്.

## 4-7 ഓഡിറ്റ് റിക്കവറി

-- ഇല്ല --

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2006-07 | 3.35.2 | 2003-04 | 3-4 | വൗച്ചറുകൾ/രേഖകൾ ഹാജരാക്കാത്തത് |
| 2009-10 | 2.8 | 2006-07 | 3-4 | നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് ₹5,68,920/- |
| 2011-12 | 2.4 | 2007-08 | 3-9 | പട്ടികജാതി ഭവന നിർമ്മാണത്തിനുള്ള ധനസഹായം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് നൽകിയത് ₹3,50,000/- |
| 2015-16 | 4-1-5 | - | - | വിഷയാധിഷ്ഠിത അവലോകനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം നികുതി, നികുതിയേതര വരുമാനങ്ങൾ പൊരുത്തപ്പെടാത്ത കണക്കുകൾ |
| 2016-17 | അനുബന്ധം-3 | 2014-15 | 2-1 | വസ്തുനികുതി – അപാകതകൾ |
| 2016-17 | അനുബന്ധം-5 | 2015-16 | 2-1 | തൊഴിൽനികുതി – അപാകതകൾ |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ

-- ഇല്ല --

ബി) സർചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്/ ഔദ്യോഗിക സ്ഥാനം/ ഭരണവകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി ₹ | കോടതി വ്യവഹാരങ്ങളിൽ/ ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | നം./ തീയതി | തുക ₹ | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1998-99 | 20എ | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 785 | | | | | | 785 | |
| | 21എ | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 120 | ₹120/- രസീത് നം. 1131100193, 1131100194/ 17.04.2013 | | | | 120 | | |
| | 21ബി | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 600 | ₹600/- രസീത് നം. 1131100191, 1131100192/ 17.04.2013 | | | | 600 | | |
| | 21 സി | ശ്രീ. കെ. പി. സാബുകുട്ടൻ നായർ സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 720 | | | | | | 720 | |
| | 23 | ശ്രീ. കെ. പി. | LF.9862 | 625 | | | | | | 625 | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | സാബുകുട്ടൻ<br>നായർ<br>സെക്രട്ടറി | Spl.Cell/<br>SC2/<br>2002<br>21.02.2003 | | | | | | | | |
| | 24 | ശ്രീ. കെ. പി.<br>സാബുകുട്ടൻ<br>നായർ<br>സെക്രട്ടറി | LF.9862<br>Spl.Cell/<br>SC2/<br>2002<br>21.02.2003 | 4248 | | | | | | | 4248 |
| | 26 | ശ്രീ. റ്റി. ഡി.<br>രവീന്ദ്രനാഥ്<br>സെക്രട്ടറി | LF.9862<br>Spl.Cell/<br>SC2/02<br>21.02.2003 | 170 | | 170 | | | 170 | | |
| | 27-എ | ശ്രീ. റ്റി. ഡി.<br>രവീന്ദ്രനാഥ്<br>സെക്രട്ടറി | LF.9862<br>Spl.Cell/<br>SC2/02<br>21.02.2003 | 4940 | | | | | | 4940 | |
| | 27(ബി) | ശ്രീ. റ്റി. ഡി.<br>രവീന്ദ്രനാഥ്<br>സെക്രട്ടറി | LF.9862<br>Spl.Cell/<br>SC2/02<br>21.02.2003 | 5000 | | | | | | 5000 | |
| | 27(സി) | 20 എ<br>1998-99<br>ശ്രീ. റ്റി. ഡി.<br>രവീന്ദ്രനാഥ്<br>സെക്രട്ടറി | LF.9862<br>Spl.Cell/<br>SC2/02<br>21.02.2003 | 5000 | | | | | | 5000 | |
| | 27(ഡി) | ശ്രീ. റ്റി. ഡി.<br>രവീന്ദ്രനാഥ്<br>സെക്രട്ടറി | LF.9862<br>Spl.Cell/<br>SC2/02<br>21.02.2003 | 3469 | | | | | | 3469 | |
| | 29 | ശ്രീ. റ്റി. ഡി.<br>രവീന്ദ്രനാഥ്<br>സെക്രട്ടറി | LF.9862<br>Spl.Cell/<br>SC2/02<br>21.02.2003 | 5000 | | | | | | 5000 | |
| | 34 | ശ്രീ. കെ. പി.<br>സാബുകുട്ടൻ<br>നായർ<br>സെക്രട്ടറി | LF.9862<br>Spl.Cell/<br>SC2/02<br>21.02.2003 | 1183 | | | | | | 1183 | |
| 1999-00 | 22 | ശ്രീ. സാബുകുട്ടൻ | LF.22209 | 900 | ₹900/- | | | | 900 | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | നായർ സെക്രട്ടറി | Spl.Cell/ SC.2/ 2005 01.11.2006 | | രസീത് നം. 49/6436/ 18.09.08/ 17.04.13 | | | | | | |
| 1999-00 | 26 | ശ്രീ. സാബുകുട്ടൻ നായർ സെക്രട്ടറി | LF.12365 Spl.Cell/ CSC/C1/ 2003 01.08.2003 | 6840 | | | | | | 6840 | |
| 2001-02 | 2-2 | ശ്രീമതി. പി.റ്റി. ഏലിയാമ്മ സെക്രട്ടറി | LF.22209 Spl.Cell/ SC2/ 2005 01.11.2006 | 2838 | | | | | | 2838 | |
| 2001-02 | 2-9 | ശ്രീമതി. പി.റ്റി. ഏലിയാമ്മ സെക്രട്ടറി | LF.22209 Spl.Cell/ SC2/ 2005 01.11.2006 | 1841 | | | | | | 1841 | |
| 2008-09 | 3-9 | ശ്രീ. കെ. എം. ഉഷാനന്ദൻ അസി.എഞ്ചിനീയർ | LF.22683 Spl.Cell/ CSC/C1/ 2012 19.06.2014 | 3660 | | | | | | 3660 | |
| 2012-13 | 3.1 | ശ്രീ. രാജൻ വർഗ്ഗീസ് | LF.10878 Spl.Cell/ CSC/C1/ 2015 14.07.2017 | 51728 | | | | | | 51728 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹117303645 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹101659140 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹16027 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹256350 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-15, 3-1 | - | 16027 | ശ്രീ. ജോസഫ് തോമസ്, അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 156350 | ശ്രീ. അജി കെ. തോമസ്, സെക്രട്ടറി |
| 1-20 | 100000 | ശ്രീ. അജി കെ. തോമസ്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-- ഇല്ല --

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-- ഇല്ല --

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.ജോസഫ് തോമസ്<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ<br>കട്ടപ്പന ബ്ലോക്ക്പഞ്ചായത്ത് | തെക്കേൽ ഹൗസ്,<br>നെറ്റിത്തൊഴു, നെറ്റിത്തൊഴു പി.ഒ,<br>ഇടുക്കി ജില്ല – 685551 |
| ശ്രീ. അജി കെ. തോമസ്<br>സെക്രട്ടറി | സെക്രട്ടറി<br>വണ്ടൻമേട് ഗ്രാമപഞ്ചായത്ത് | കാരിവേലിൽ,<br>വെള്ളയാംകുടി പി. ഒ.<br>കട്ടപ്പന, ഇടുക്കി ജില്ല – 685515 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡിക നം. | റിമാർക്സ് |
|---|---|---|---|
| 1980-1981 | എൽ.എഫ്.ഐ.-5/415/83/31.10.83 | | |
| 1981-1982 | എൽ.എഫ്.ഐ.-5/879/85/31.12.85 | | |
| 1982-1983 | എൽ.എഫ്.ഐ.-5/239/87/16.12.87 | | |
| 1983-1984 | എൽ.എഫ്.ഐ.-5/222/58/04.06.88 | | |
| 1984-1985 | എൽ.എഫ്.ഐ.-5/595/92/31.08.90 | | |
| 1985-1986 | എൽ.എഫ്.ഐ.-5/728/90/21.01.91 | | |
| 1986-1987 | എൽ.എഫ്.ഐ.-5/615/91/1.08.92 | | |
| 1987-1988 | എൽ.എഫ്.ഐ.-5/996/91/17.02.92 | | |
| 1988-1989 | എൽ.എഫ്.ഐ.-5/377/95/08.03.96 | | |
| 1989-1990 | എൽ.എഫ്.ഐ.-5/377/95/08.03.96 | | |
| 1990-1991 | എൽ.എഫ്.ഐ.-5/56/94/30.03.1994 | | |
| 1991-1992 | എൽ.എഫ്.ഐ.-5/56/94/30.03.1994 | | |
| 1992-1993 | എൽ.എഫ്.ഐ.-5/79/95/08.03.96 | | |
| 1993-1994 | എൽ.എഫ്.ഐ.-5/79/95/08.03.96 | | |
| 1998-1999 | എൽ.എഫ്.ഐ.-6/202/2002<br>/20.07.2000 | 8 | 20എ, 21സി, 23, 24,<br>27എ,ബി,സി,ഡി<br>29, 34, 36 |
| 1999-2000 | എൽ.എഫ്.ഐ.-6/562/2000/31.07.2000 | 1 | 26 |

| | | | |
|---|---|---|---|
| 2001-2002 | എൽ.എഫ്.ഐ.-6/281/04/09.02.2005 | 2 | 2-2.2-9 |
| 2003-2004 | എൽ.എഫ്.ഐ.-8/40/06/02.11.2006 | 2 | 3-12,3-14 |
| 2004-2005 | എൽ.എഫ്.ഐ.-8/1022/06/01.06.2007 | 1 | 3-3 |
| 2006-2007 | എൽ.എഫ്.ഐ.-8/1100/09/11.06.2010 | 11 | 2-2, 2-3എ,ബി,സി,2-4, 3-1,3-2,3-3,3-4, 3-5, 3-6(1, 2),3-7(1,2), 4-3 |
| 2007-2008 | എൽ.എഫ്.ഐ.-9/1021/11/13.10.2011 | 14 | 2-2, 2-3, 3-2, 3-3,3-4, 3-6, 3-7,3-8,3-9,3-10, 3-11, 4-2, 4-3, 4-5 |
| 2008-09 | എൽ.എഫ്.ഐ.-9/989/12/05.09.2012 | 18 | 1-3(ബി), 2-3, 2-4, 2-5(എ, ബി), 2-6,3-1, 3-2, 3-3, 3-4,3-5, 3-6, 3-7, 3-8, 3-9,3-11, 3-12, 3-13, 3-14 |
| 2009-10 | എൽ.എഫ്.ഐ.-9/1460/12/10.06.2013 | 12 | 2-3, 2-4(എ, ബി), 2-5(1), 2-5(2),3-1(1, 2),3-3,3-4, 3-6, 3-7, 3-8,3-9,3-10, 3-12 |
| 2010-11 | എൽ.എഫ്.ഐ.-9/1515/12/11.03.2014 | 15 | 2-1, 2-2, 2-3, 2-4, 2-5,2-7, 3-1, 3-2,3-3, 3-4,3-5, 3-6, 3-7, 3-8, 3-10 |
| 2011-12 | എൽ.എഫ്.ഐ.-9/1178/14/24.02.2015 | 18 | 1-3, 1-4, 2-2, 2-3, 2-4(ബി, സി, ഡി),2-7, 3-1,3-2, 3-3, 3-4, 3-5, 3-7,3-8,3-10,3-11, 3-12,3-13,3-14 |
| 2012-13 | എൽ.എഫ്.ഐ.-9/638/17/10.06.2015 | 8 | 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5,4-1 |
| 2013-14 | കെ.എസ്.എ-ഐ.ഡി.കെ.-9/919/15 /18.02.2016 | 5 | 2-2, 3-1, 3-2, 3-3,3-5 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ.-9/1385 /19/23.03.2017 | 8 | 2-1, 2-2, 3-1, 3-2, 3-3,3-4, 3-5, 3-6 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ.-9/419/17 /05.04.2017 | 8 | 1-12, 2-1, 2-2, 2-3, 3-2, 3-3, 3-4, 3-5 |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ.-9/1317 /17/05.09.2017 | 11 | 1-12, 2-1,2-2, 2-3,2-4,3-1, 3-2, 3-3,3-4, 3-5, 3-6 |
| 2017-18 | കെ.എസ്.എ.-ഐ.ഡി.കെ.- 9/1316/18/15-12-2018 | 20 | 1-10,1-12,2-1,2-2,2-3,2-4, 2-5,3-1,3-3,3-6,3-8,3-9, |

| | | | |
|---|---|---|---|
| | | | 3-10,3-11,3-12,3-13,4-1,<br>4-7,4-8,4-10 |
| 2018-19 | കെ.എസ്.എ.-ഐ.ഡി.കെ-9/211/2020<br>തീയതി 20-05-2020 | 9 | 1-11, 1-12, 1-14, 1-15,1-16,<br>1-17,1-18, 1-19. 1-20,3-1 |
| 2019-20 | കെ.എസ്.എ.-ഐ.ഡി.കെ-13/535/2021<br>തീയതി. 30.06.2021 | 19 | 1-3-4,1-3-5,1-11,1-12,1-14,<br>1-15,1-16,1-17,1-18,1-19,1-20,<br>1-21, 1-22, 1-23, 1-24,<br>4-8, 4-9, 4-10, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ വണ്ടന്മേട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ വണ്ടന്മേട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്